ണമെങ്കിൽ അതിനു പ്രത്യേകം ഒരു ഓട്ടക്കാരൻ വേണ്ടിവരുന്നതും ടിയാനു മുരുങ്ങിയതു് മാസത്തിൽ ഏ ഠ ക. രൂപ്പ ളംകൊടുക്കേണ്ടി വരുന്നതും ആകുന്നു. ഇതിനു വേണ്ടുന്ന ഒരു പിരിവു വിശേഷാൽ ഉണ്ടാകുന്നതല്ല. . ഇതിനുംപുറമെ ചേന്ദമംഗലത്തുനിന്നു കൊട്ടങ്ങല്ലൂക്കുള്ള വഴിയിൽ ഒരു വലിയ കടത്തു ഇറങ്ങുവാനുണ്ടു്. വഷ്കാലത്തു് മലവെള്ളത്തിന്റെ ശല്യം നിമിത്തം ടി വഴിക്കു മെയിൽ എപ്പോട്ടുചെയ്യുന്നതു് അപകടമാണു്.

(b) കൊച്ചി, ഏറണാകുളം എന്നീ സ്ഥലങ്ങളിൽ നിന്നു് കൊടുങ്ങല്ലൂക്കുള്ള കത്തുകൾ രാവിലെ ൮ മണിക്കു അയച്ചു് തീവണ്ടിമാർഗ്ഗമായും മറും ഏ ഠ -൫൦ നു കൊടുങ്ങല്ലൂർ എത്തുന്നുണ്ടു്.

ഞാറക്കൽ, അയ്യമ്പിള്ളി എന്നീ സ്ഥലങ്ങളിൽ ൮ൽ മണിക്കും എത്തുന്നുണ്ടു്. ടി കത്തുകൾ ബോട്ടുവഴിയായി അയക്കുവാൻ പ്രത്യേക കാരണമൊന്നും കാണുന്നില്ല.

ഞാറക്കൽ അയ്യമ്പിള്ളി എന്നീ ആഫീസുകളിൽനിന്നു കൊടുങ്ങല്ലൂക്കും കൊടുങ്ങല്ലൂരിൽനിന്നു ടി ആഫീസുകളിലേക്കും ഉള്ള കത്തുകൾ അതാതുസ്ഥലത്തു് എത്തിച്ചേരുവാൻ ഇപ്പോൾ കുറെ താമസമാകുന്നുണ്ടു്. എന്നാൽ ആ വക എഴുത്തുകൾ വളരെ മുരുക്കമാണു്. എഴുത്തുകൾവഴിച്ചു് തൻമൂലം പിരിവു വഴിക്കുമ്പോൾ ഈ സംഗതിയെപ്പറ്റി ആലോചിക്കുന്നതാണു്.

Removal of the Small-pox shed at Cranganur.

112. Mr. A. K. Kunhi Moideen.—With reference to the answer to question No. 360 (b) of the legislative session of the year:—

അപേക്ഷകന്മാരോടു സൌകര്യമുള്ള സ്ഥലം മുണ്ടിക്കാണിച്ചുതരുവാൻ ആവശ്യപ്പെട്ടിട്ടുണ്ടൊ?

മിസ്റ്റർ ടി. എം. കൃഷ്ണമേനോൻ.—കഴിഞ്ഞ ചോദ്യത്തിന്റെ ഉത്തരം നോക്കുക. കൂടുതൽ വിവരം ശേഖരിച്ചുവരുന്നതേയുള്ളു.

Closing of shops, etc., in Ernakulam and Mattancheri.

113. Mr. A. K. Kunhi Moideen,—With reference to the answer to the question No. 339 (c) of the legislative session of the current year.—

(a) ഉത്തരം നല്കുന്നതിനുമുമ്പെ ശരിയായി അന്വേഷണം നടത്തീട്ടുണ്ടൊ;

(b) ആർ, ആരോടെല്ലാം അന്വേഷണം നടത്തീട്ടുണ്ടു്?

മിസ്റ്റർ പി. നീലകണ്ഠമേനോൻ.—(a) ശ്രദ്ധിക്കേണ്ടതിൽ നിന്നൊ കമ്മീഷണരൊ കല്പന കൊടുത്തിട്ടില്ല.

(b) മറുപടി ആവശ്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly